"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം -ഇടുക്കി ജില്ലാ ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി അശ്വതി വി.എൽ-ന് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ അന്യത്രസേവനം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.125/2025/AYUSH തീയതി,തിരുവനന്തപുരം, 04-03-2025

പരാമർശം:-

1. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 03.12.2024 ലെ ഇ2/1023/2024/ഡിഎംഇ നമ്പർ കത്ത്
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.01.2025 ലെ DHS/12336/2024-EF2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിലുള്ള ഇടുക്കി ജില്ലാ ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി അശ്വതി വി.എൽ-ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിന് ടിയാളുടെ അപേക്ഷയും (Rule 144 (KSR Part 1 പ്രകാരം) ബന്ധപ്പെട്ട രേഖകളും നിരാക്ഷേപസാക്ഷ്യപത്രവും സഹിതം പരാമർശം (1) പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സേവനമനുഷ്ഠിച്ചിരുന്ന ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 ആയ ശ്രീമതി ചിത്ര സി. മൂന്ന് വർഷത്തേക്ക് അവധിയിൽ പ്രവേശിച്ചപ്പോൾ ഉണ്ടായ ഒഴിവ് പിഎസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തുവെങ്കിലും ടി ഒഴിവ് നികത്തുന്നതിന് പി.എസ്.സി.-യിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ, പ്രസ്തുത വകുപ്പിന് കീഴിൽ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിൽ നിലവിലുള്ള ഒഴിവിൽ ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിനായിട്ടാണ് ശ്രീമതി അശ്വതി വി.എൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിലുള്ള ഇടുക്കി ജില്ലാ ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി അശ്വതി വി.എൽ-ന് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ നിലവിൽ ഒഴിവുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ ഒരു വർഷത്തേക്കോ, ടി തസ്തികയിൽ സ്ഥിരം നിയമനം നടത്തുന്നത് വരെയോ, ഏതാണോ ആദ്യം അത് വരെ, നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി അന്യത്രസേവനം അനുവദിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ഡെപ്യൂട്ടി സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
ഡയറക്ടർ , ആരോഗ്യ വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ , ഗവ. ആയുർവേദ കോളേജ് ,തിരുവനന്തപുരം (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ശ്രീമതി അശ്വതി വി.എൽ , ലാബ് ടെക്നീഷ്യൻ ഗ്രേഡ് II , ജില്ലാ ആശുപത്രി , ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്) ,കേരള ,തിരുവനന്തപുരം
Web & New Media (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Baiju G
Date: 04-03-2025 16:55:17
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്